പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

22.03.2018 - ൽ മറുപടിക്ക്.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4723

**അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വ്യാവസായിക പ്രവർത്തനങ്ങൾ താഴെത്തലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി പദ്ധതികൾ**

ചോദ്യം
ശ്രീ. വി.ടി ബൽറാം

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) വ്യവസായ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വ്യാവസായിക പ്രവർത്തനങ്ങൾ താഴെത്തലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനുമായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയാണ്;

(എ) : വ്യാവസായിക വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ വ്യവസായ മേഖലയിലെ സ്ഥല ദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിന്റെ ഭരണാനുമതി ലഭിച്ച പദ്ധതിയുൾപ്പെടെ ഒൻപത് ബഹുനില വ്യവസായ സമുച്ചയങ്ങളാണ് നിർമ്മിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്. വ്യവസായ പ്ലോട്ടിനായി പുതുതായി ഏറ്റെടുത്ത കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിലെ 20.43 ഏക്കർ ഭൂമിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. ഈ രണ്ട് പ്ലോട്ടുകളുടെയും വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി സ്ഥലങ്ങൾ പ്ലോട്ടുകളായി തിരിച്ച് വ്യവസായ സംരംഭകർക്ക് നൽകുന്നതാണ്. 15 വ്യവസായ ഏരിയ/ പ്ലോട്ടുകളിലെ ആഭ്യന്തര റോഡിന്റെ റിപ്പയറിങ് പോലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതികൾക്കും ഭരണാനുമതിയും ആവശ്യമായ ഫണ്ടും ലഭ്യമായിട്ടുണ്ട്. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു പുതിയ പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 38 വികസന ഏരിയ/പ്ലോട്ടുകളിൽ സർവ്വേ നടത്തി, വികസന പദ്ധതികൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയായ എം.എസ്. - സി.ഡി.പി മുഖേന പൂവൻതുരുത്ത് വികസന ഏരിയായിലും എടയാർ വികസന ഏരിയായിലും യഥാക്രമം 1000 ലക്ഷം, 967.69 ലക്ഷം രൂപയുടെ

പ്രോജക്ടിനും അനുമതി ലഭിച്ചിട്ടുണ്ട്. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് സംസ്ഥാന വിഹിതമായ 400 ലക്ഷം രൂപയും 387.076 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

വ്യവസായ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടി വ്യവസായ വകുപ്പിന്റെ കീഴിലുള്ള കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ മുഖേന കൊച്ചിയിൽ നിന്നും ബാംഗ്ലൂർ വരെ വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഇതിലൂടെ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പ് കൂടുതൽ വ്യവസായ സംരംഭങ്ങളെ ആകർഷിക്കുവാൻ കഴിയും. വ്യാവസായിക പ്രവർത്തനങ്ങൾ താഴെ ത്തലത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനായി *ഈസ് ഓഫ് ഡൂയിങ് ബിസിനസ്* പദ്ധതിയിലൂടെ വ്യവസായിക അനുമതികൾ സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി കൾകൈക്കൊണ്ടിട്ടുമുണ്ട്. അനുമതികൾ ഓൺ ലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശം ഉപയോഗിക്കപ്പെടാതെയുള്ള ഭൂമി ഉപയോഗ പ്പെടുത്തി വ്യവസായ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭി ച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ

(ബി) : ഉണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൈവശ മുള്ളതും നാളിതുവരെ ഉപയോഗിക്കാത്തതുമായ ഭൂമിയിൽ വ്യവസായ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് വ്യവസായ വികസനവും അടിസ്ഥാന സൗകര്യ വികസനവും നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷം 200 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

(സി) ഇപ്രകാരം എത്ര ഭൂമി ലഭ്യമാക്കിയെന്നും വ്യവസായ മേഖലയിൽ ഇത് ഉണ്ടാക്കിയ നേട്ടം എന്തെന്നും വിശദമാക്കുമോ ?

(സി) : വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയുടെ ഉടമസ്ഥത യിലുള്ള 2.5 ഏക്കർ സ്ഥലത്ത് സംസ്ഥാന സർക്കാരും വടക്കാഞ്ചേരി മുനിസിപ്പാലിറ്റി യുമായി ചേർന്ന് വ്യവസായ സമുച്ചയം പണിയുന്നതിന് ഭരണാനുമതി ആയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന ഭൂമിയിൽ പ്രസ്തുത സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങൾ പണിയുന്നതിനോ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനോ ലക്ഷ്യ മിടുന്നു. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ആഭ്യന്തര റോഡുകളുടെ നിർമ്മാണം, ക്ലസ്റ്ററിനായുള്ള പൊതുസൗകര്യ കേന്ദ്രങ്ങൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയവ ഏർപ്പെടുത്തി അർഹരായവർക്ക് സംരംഭങ്ങൾ തുടങ്ങുന്നതിന് അനുവദിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.